പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6440 31.10.2011 ൽ മറുപടിയ്ക്ക്

വഖഫ് ബോർഡിൻെറ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. പാലോട് രവി:<br>ശ്രീ. സി.പി മുഹമ്മദ്:<br>ശ്രീ. പി.എ. മാധവൻ: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) വഖഫ് ബോർഡിൻെറ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത്; | (എ) വഖഫ് ബോർഡിൻെറയും വഖഫുകളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തക്ക രീതിയിൽ പുതിയ നിയമം ആവിഷ്കരിക്കുന്നത് സംബന്ധിച്ച വിഷയം പഠിച്ച ജോയിൻറ് പാർലമെൻററി കമ്മിറ്റി സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണത്തിനുള്ള നടപടികൾ കേന്ദ്ര സർക്കാരിൽ നടന്നു വരുന്നു. |
| (ബി) വഖഫ് ബോർഡ് പുതിയ സാമൂഹ്യ ക്ഷേമ പദ്ധതികൾക്ക് രൂപം നൽകുന്നുണ്ടോ; | (ബി) 19.11.1985 ലെ GO (MS) No. 973/85/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന വഖഫ് ബോർഡിൻെറ കീഴിൽ ഒരു സാമൂഹ്യക്ഷേമ പദ്ധതി നിലവിലുണ്ട്. പുതിയ പദ്ധതികൾക്ക് രൂപം നൽകി വരുന്നു. |
| (സി) എന്തെല്ലാം ആശ്വാസങ്ങളാണ് ഈ പദ്ധതി വഴി ലഭിക്കുന്നത്; | (സി) നിലവിലെ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വഖഫ് സ്ഥാപനങ്ങളിൽ തുടർച്ചയായി പത്തു വർഷത്തി ലധികം പ്രവൃത്തിയെടുത്തിട്ടുള്ള 60 വയസ്സ് കഴിഞ്ഞ 22,000/- രൂപയിൽ താഴെ വരുമാനമുള്ള സ്കോളർ -ഇൻ - അറബിക്, ടീച്ചർ -ഇൻ - അറബിക്, ഖാദിം എന്നിവർക്ക് പ്രതിമാസ ധനസഹായം നൽകുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ് ഇതിൽ പ്രഥമമായിട്ടുള്ളത്. കൂടാതെ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള |

ഏതെങ്കിലും മഹല്ല്/ജമാഅത്തിൽ അംഗത്വമുള്ള നിർദ്ധനരായ മുസ്ലീം പെൺകുട്ടികളുടെ വിവാഹത്തിനും മാരകമായ രോഗം ബാധിച്ചവർക്കുള്ള ചികിത്സയ്ക്കും ഈ പദ്ധതി വഴി സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഇസ്ലാമിക് ചെയറിനും ഈ ഫണ്ടിൽ നിന്നും തുക നൽകി വരുന്നുണ്ട്. വിവാഹമുക്തകളായ സ്ത്രീകൾക്ക് കോടതി ഉത്തരവ് പ്രകാരം ജീവനാംശം നൽകുന്നതിനും ഈ സ്കീമിൽ വ്യവസ്ഥയുണ്ട്. വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യത്തീംഖാനകളുടെ കമ്പ്യൂട്ടറൈസേഷന് ഈ സാമ്പത്തിക വർഷം സഹായം നൽകുന്നതിന് സാങ്ഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

(ഡി) പദ്ധതിക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ട് ?

(ഡി) നിലവിലെ പദ്ധതിക്ക് 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2075-00-800-78 **Special Grant to Wakf Board** എന്ന കണക്കിനത്തിൽ 55 ലക്ഷം രൂപയും 2250 -00-103 -89 **Administrative Grant** എന്ന കണക്കിനത്തിൽ 55 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 2011-12 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബോർഡിനുള്ള ഗ്രാൻറ് - ഇൻ - എയ്ഡ് രണ്ട് കോടി രൂപയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ